# 101/2020 - M

ചോദ്യ പുസ്തക അക്ഷര കോഡ് **D**

ചോദ്യ പുസ്തക ക്രമ നമ്പർ 50308

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

1. 'കേരള ഹെമിങ്‌വേ' എന്നറിയപ്പെടുന്ന സാഹിത്യകാരൻ :
   (A) തകഴി ശിവശങ്കരപ്പിള്ള
   (B) കേശവദേവ്
   (C) എം. പി. നാരായണപിള്ള
   (D) എം. ടി. വാസുദേവൻ നായർ

2. "വാ കുരുവീ വരു കുരുവീ" എന്നു തുടങ്ങുന്ന പദ്യം രചിച്ചതാര് ?
   (A) ജി. ശങ്കരക്കുറുപ്പ്
   (B) പാലാ നാരായണൻ
   (C) സി. പി. പള്ളിപ്പുറം
   (D) വൈലോപ്പിള്ളി ശ്രീധരമേനോൻ

3. അത്ഭുതത്തെ സൂചിപ്പിക്കുന്ന ചിഹ്നം :
   (A) കാകു
   (B) രോധിനി
   (C) വിക്ഷേപിണി
   (D) ഭിത്തിക

4. 'കുളിക്കാൻ പോയി' - ഇതിലെ വിനയെച്ചമേത് ?
   (A) പിൻവിനയെച്ചം
   (B) മുൻവിനയെച്ചം
   (C) നടുവിനയെച്ചം
   (D) പാക്ഷികവിനയെച്ചം

5. ശരിയായ പദം തെരഞ്ഞെടുക്കുക.
   (A) നിഖണ്ടു
   (B) നിഖണ്ഡു
   (C) നിഘണ്ഡു
   (D) നിഘണ്ടു

6. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യത്തെ മലയാള കവി ?
   (A) ഉള്ളൂർ എസ്. പരമേശ്വരയ്യർ
   (B) വള്ളത്തോൾ നാരായണമേനോൻ
   (C) കുമാരനാശാൻ
   (D) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

7. 'എൻഡോസൾഫാൻ' എന്ന കീടനാശിനിയാൽ ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ ജീവിതം പ്രമേയമായ കൃതി ?
   (A) അന്ധകാരനഴി
   (B) എൻമകജെ
   (C) മണ്ണിന്റെ മാറിൽ
   (D) അശാന്തി

8. വിഭാവകത്തിന് ഉദാഹരണം :
   (A) ചെറുപയർ
   (B) അക്കാലം
   (C) കറുത്തകുതിര
   (D) ധീരവനിത

9. 'കാനനചന്ദ്രിക' എന്ന ശൈലിയുടെ ആശയം :
   (A) വനത്തിനുള്ളിലെ വെളിച്ചം
   (B) ഉപയോഗശൂന്യമായത്
   (C) സൗന്ദര്യമുള്ളത്
   (D) ഉപയോഗമുള്ളത്

10. 'നിരീശ്വരൻ' എന്ന മലയാള നോവലിന്റെ കർത്താവാര് ?

(A) പി. എ. ഉത്തമൻ (B) വി. ജെ. ജെയിംസ്

(C) ടി. ഡി. രാമകൃഷ്ണൻ (D) സുഭാഷ്ചന്ദ്രൻ

11. 2019- ലെ ജ്ഞാനപീഠം അവാർഡ് നേടിയ മലയാള സാഹിത്യകാരൻ ആരാണ് ?

(A) എം.ടി. വാസുദേവൻ നായർ (B) ഒ.എൻ.വി. കുറുപ്പ്

(C) അക്കിത്തം അച്ചുതൻ നമ്പൂതിരി (D) സുഗതകുമാരി

12. ''വിധിയുടെ ചക്രങ്ങൾ ഒരുനാൾ ഇന്ത്യ ഉപേക്ഷിക്കുവാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കും. പക്ഷെ ഏതുരൂപത്തിലുള്ള ഇന്ത്യയെയാവും അവർ ഇവിടെ ഉപേക്ഷിച്ചു പോവുക. നൂറ്റാണ്ടുകളായുള്ള അവരുടെ ഭരണത്തിന്റെ അരുവി അവസാനം വറ്റിവരണ്ട് പോകുമ്പോൾ അവർ വിട്ടുപോകുന്നത് ചെളിയുടേയും അഴുക്കിന്റേയും കൂമ്പാരമായിരിക്കും.''
ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണി പോരാളിയായിരുന്ന ഒരു വ്യക്തി നടത്തിയ നിരീക്ഷണമാണ് മുകളിൽ സൂചിപ്പിച്ചത്. ആരാണ് ഈ വ്യക്തി ?

(A) സുഭാഷ് ചന്ദ്രബോസ് (B) ജവഹർലാൽ നെഹ്റു

(C) സരോജിനി നായിഡു (D) രവീന്ദ്രനാഥ ടാഗോർ

13. ചന്ദ്രനിലോട്ടുള്ള ആദ്യ പര്യവേഷണ പദ്ധതിയായ ചന്ദ്രയാൻ-I വിക്ഷേപിച്ചത് എന്നായിരുന്നു ?

(A) 2008 ഒക്ടോബർ 2 (B) 2008 ഒക്ടോബർ 22

(C) 2008 നവംബർ 1 (D) 2008 സെപ്റ്റംബർ 5

14. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല ഏത് ?

(A) മലപ്പുറം (B) ഇടുക്കി (C) കോഴിക്കോട് (D) പത്തനംതിട്ട

15. 2019 - ലെ സന്തോഷ് ട്രോഫി നാഷണൽ ഫുട്ബോൾ കിരീടം കരസ്ഥമാക്കിയത് ആരായിരുന്നു ?

(A) കേരളം (B) ഗോവ (C) പഞ്ചാബ് (D) സർവ്വീസസ്

16. 1992-ൽ ഐക്യരാഷ്ട്ര സംഘടനയുടെ ആദ്യ ഭൗമ ഉച്ചകോടി നടന്ന രാജ്യം ഏത് ?

(A) അർജന്റീന (B) ബ്രസീൽ (C) മെക്സിക്കോ (D) പെറു

17. ഗാർഹിക പീഡന സംരക്ഷണ നിയമം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വർഷം :

(A) 2000 (B) 2005 (C) 2019 (D) 2017

18. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി ചേറ്റൂർ ശങ്കരൻ നായർ തിരഞ്ഞെടുക്കപ്പെട്ടത് ഏത് സമ്മേളനത്തിൽ വെച്ചാണ് ?

(A) കൽക്കട്ട (B) അമരാവതി (C) ഡൽഹി (D) മദ്രാസ്

19. വോട്ടിംഗ് പ്രായം 21 വയസ്സിൽ നിന്നും 18 വയസ്സായി കുറച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ ഭേദഗതി ഏതാണ് ?
(A) 61-ാം ഭരണഘടനാ ഭേദഗതി
(B) 63-ാം ഭരണഘടനാ ഭേദഗതി
(C) 64-ാം ഭരണഘടനാ ഭേദഗതി
(D) 60-ാം ഭരണഘടനാ ഭേദഗതി

20. വേലുത്തമ്പി ദളവ കുണ്ടറ വിളംബരം പുറപ്പെടുവിച്ച വർഷം :
(A) 1809
(B) 1812
(C) 1807
(D) 1805

21. 'സ്വച്ഛ് ഭാരത് ' പദ്ധതിക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത് എന്നായിരുന്നു ?
(A) 2014 ഒക്ടോബർ 2
(B) 2017 ഒക്ടോബർ 2
(C) 2019 ഒക്ടോബർ 2
(D) 2018 ഒക്ടോബർ 2

22. 'മിനിസ്ട്രി ഓഫ് അറ്റ്മോസ്റ്റ് ഹാപ്പിനെസ് ' ആരുടെ കൃതിയാണ് ?
(A) അരുന്ധതി റോയ്
(B) കിരൺ ദേശായ്
(C) ആർ. കെ. നാരായൺ
(D) വിക്രം സേത്ത്

23. 'ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചാരമാകാം' എന്ന് പാടിയതാര് ?
(A) സുഗതകുമാരി
(B) മഹാകവി കുമാരനാശാൻ
(C) വള്ളത്തോൾ
(D) ഒ.എൻ.വി. കുറുപ്പ്

24. കാസിരംഗ നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്നത് ഏത് സംസ്ഥാനത്താണ് ?
(A) ആസ്സാം
(B) മദ്ധ്യപ്രദേശ്
(C) കർണ്ണാടകം
(D) ഒറീസ്സ

25. കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾ ഏതെല്ലാമാണ് ?
(A) തമിഴ്നാട്, കർണ്ണാടകം
(B) ആന്ധ്രാപ്രദേശ്, ഗോവ
(C) മഹാരാഷ്ട്ര, ഗുജറാത്ത്
(D) ആന്ധ്രാപ്രദേശ്, ഒറീസ്സ

26. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 324 അനുസരിച്ച് നിലവിലുള്ളത് ഏത് കമ്മീഷനാണ് ?
(A) മനുഷ്യാവകാശ കമ്മീഷൻ
(B) വനിതാ കമ്മീഷൻ
(C) തെരഞ്ഞെടുപ്പ് കമ്മീഷൻ
(D) പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ

27. ഇന്ത്യയുടെ പാർലമെന്റിന്റെ അധോസഭയായ ലോക്സഭയുടെ ഇപ്പോഴത്തെ സ്പീക്കർ ആരാണ് ?
(A) സുമിത്രാ മഹാജൻ
(B) മീരാകുമാർ
(C) ഓം ബിർള
(D) പി.എ. സാംഗ്മ

SEAL

28. ശ്രീനാരായണഗുരുവിന്റെ സമാധിസ്ഥലം ഏത് ?

(A) ചെമ്പഴന്തി (B) വൈക്കം (C) തലശ്ശേരി (D) ശിവഗിരി

29. കോനോലി പ്ലോട്ട് എന്തുമായി ബന്ധപ്പെട്ടതാണ് ?

(A) കാപ്പി തോട്ടം (B) തേക്കു തോട്ടം (C) തേയില തോട്ടം (D) റബ്ബർ തോട്ടം

30. പുതിയ മോട്ടോർ വാഹന നിയമം അനുസരിച്ച് പ്രായപൂർത്തി ആകാത്തവർ വാഹനം ഓടിച്ച് പിടിക്കപ്പെട്ടാൽ മാതാപിതാക്കൾക്കോ വാഹനത്തിന്റെ ഉടമസ്ഥനോ ലഭിക്കാവുന്ന ശിക്ഷ :

(A) 3 വർഷം വരെ ജയിൽ ശിക്ഷ, 25,000 രൂപ പിഴ

(B) 1 വർഷം വരെ ജയിൽ ശിക്ഷ, 10,000 രൂപ പിഴ

(C) 6 മാസം വരെ ജയിൽ ശിക്ഷ, 5,000 രൂപ പിഴ

(D) 2 വർഷം വരെ ജയിൽ ശിക്ഷ, 25,000 രൂപ പിഴ

31. ലോക സാമൂഹ്യ നീതി ദിനമായി ആചരിക്കുന്നത് എന്നാണ് ?

(A) ഫെബ്രുവരി 20 (B) ഫെബ്രുവരി 19 (C) ഫെബ്രുവരി 24 (D) ഫെബ്രുവരി 10

32. ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ അദ്ധ്യായത്തിലാണ് മൗലിക അവകാശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് ?

(A) 2-ാം അദ്ധ്യായം (B) 6-ാം അദ്ധ്യായം (C) 3-ാം അദ്ധ്യായം (D) 5-ാം അദ്ധ്യായം

33. വാസ്കോഡ ഗാമ ആദ്യമായി കേരളത്തിലെ കോഴിക്കോട് എത്തിയ വർഷം എന്നാണ് ?

(A) 1435 (B) 1498 (C) 1465 (D) 1508

34. കെ.എം. പണിക്കർ രചിച്ച 'കേരള സിംഹം' എന്ന ചരിത്ര നോവൽ ഏതു വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ് ?

(A) മാർത്താണ്ഡവർമ്മ

(B) വേലുത്തമ്പി ദളവ

(C) കുഞ്ഞാലി മരയ്ക്കാർ

(D) പഴശ്ശി രാജാ

35. കേരളത്തിൽ നിന്നും ആദ്യമായി അർജ്ജുന അവാർഡ് ലഭിച്ച വ്യക്തി ആര് ?

(A) പി.ടി. ഉഷ

(B) എം.ഡി. വത്സമ്മ

(C) ജിമ്മി ജോർജ്ജ്

(D) ടി.സി. യോഹന്നാൻ

36. 'എന്റെ ജീവിതകഥ' ആരുടെ ആത്മകഥയാണ് ?

(A) എ.കെ. ഗോപാലൻ

(B) തോപ്പിൽ ഭാസി

(C) ഇ.എം.എസ്.

(D) വൈക്കം മുഹമ്മദ് ബഷീർ

37. ബ്രിട്ടീഷുകാർ കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത (ബേപ്പൂർ മുതൽ തിരൂർ വരെ) നിർമ്മിച്ച വർഷം ഏത് ?

(A) 1681 (B) 1867 (C) 1871 (D) 1861

38. ഇന്ത്യൻ ഭരണഘടനയിലെ ഏത് ലിസ്റ്റിലാണ് 'കൃഷി' ഉൾപ്പെടുത്തിയിരിക്കുന്നത് ?

(A) കേന്ദ്ര ലിസ്റ്റ് (B) സംസ്ഥാന ലിസ്റ്റ്

(C) സംയുക്ത ലിസ്റ്റ് (D) ഇതൊന്നുമല്ല

39. 1972 ജൂലൈ 5-ാം തീയതി സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ നടന്ന ലോകപരിസ്ഥിതി സമ്മേളനത്തിൽ പങ്കെടുത്ത ഇന്ത്യൻ പ്രധാനമന്ത്രി ആര് ?

(A) മൊറാർജി ദേശായി (B) ചരൺസിംഗ്

(C) ഇന്ദിരാ ഗാന്ധി (D) വി. പി. സിംഗ്

40. 'പ്രത്യക്ഷ രക്ഷാസഭ' യുടെ സ്ഥാപകൻ ആര് ?

(A) പണ്ഡിറ്റ് കറുപ്പൻ (B) ടി.കെ. മാധവൻ

(C) അയ്യൻകാളി (D) പൊയ്കയിൽ കുമാരദേവൻ

41. കേരള സംസ്ഥാനത്തെ സാംസ്ക്കാരിക വകുപ്പ് മന്ത്രി ആര് ?

(A) സി. രവീന്ദ്രനാഥ് (B) എ.കെ. ബാലൻ

(C) ജി. സുധാകരൻ (D) കെ.ടി. ജലീൽ

42. സംസ്ഥാന സഹകരണ വകുപ്പ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണം :

(A) സഹകരണ വീഥി (B) സഹകരണം

(C) സഹകരണ വാർത്ത (D) സഹകരണ ശബ്ദം

43. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (CSO) -ന്റെ ആസ്ഥാനം എവിടെയാണ് ?

(A) അഹമ്മദാബാദ് (B) ന്യൂഡൽഹി

(C) കട്ടക്ക് (D) ജെയ്പൂർ

44. അന്തർദ്ദേശീയ സഹകരണ സഖ്യത്തിൽ (ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് - ഐ.സി.എ.) 2019-ൽ സ്ഥിരാംഗത്വം ലഭിച്ച ഇന്ത്യയിലെ ഏക പ്രാഥമിക സഹകരണ സംഘമായ ഊരാള്ളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിന്റെ രൂപീകരണത്തിൽ മുഖ്യപങ്ക് വഹിച്ച സാമൂഹ്യ പരിഷ്ക്കർത്താവ് ആര് ?

(A) അയ്യൻകാളി (B) വാഗ്ഭടാനന്ദൻ

(C) പണ്ഡിറ്റ് കറുപ്പൻ (D) സഹോദരൻ അയ്യപ്പൻ



SEAL

45. ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭരണഘടനാ ഭേദഗതി പാസ്സാക്കിയത് ഏത് വർഷം ആണ് ?

(A) 1977 (B) 1978 (C) 1976 (D) 1975

46. രാജ്യസഭയിലേയ്ക്ക് എത്ര അംഗങ്ങളെയാണ് ഇന്ത്യയുടെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നത് ?

(A) 2 (B) 10 (C) 12 (D) 9

47. അന്യായമായി തടവിലാക്കപ്പെട്ട വ്യക്തിയെ വിട്ട് കിട്ടുന്നതിനായി ഉപയോഗിക്കുന്ന റിട്ട് ഏത് ?

(A) മാൻഡമസ് (B) സെർഷ്യോറാറി

(C) പ്രൊഹിബിഷൻ (D) ഹേബിയസ് കോർപ്പസ്

48. 1969-ലെ കേരള സഹകരണ നിയമം നടപ്പിലാക്കിയ കേരളത്തിലെ മുഖ്യമന്ത്രി ആരായിരുന്നു ?

(A) കെ. കരുണാകരൻ (B) ഇ.എം.എസ്. നമ്പൂതിരിപ്പാട്

(C) സി. അച്ചുതമേനോൻ (D) എ.കെ. ആന്റണി

49. ഇന്ത്യൻ പാർലമെന്റ് പരിസ്ഥിതി സംരക്ഷണ നിയമം പാസ്സാക്കിയ വർഷം :

(A) 1986 (B) 1980 (C) 1985 (D) 1987

50. ഇന്ത്യയിൽ ഭാഷയുടെ അടിസ്ഥാനത്തിൽ ആദ്യമായി രൂപപ്പെട്ടതും അവസാനമായി വിഭജിക്കപ്പെട്ടതുമായ സംസ്ഥാനം ഏതാണ് ?

(A) ആന്ധ്രപ്രദേശ് (B) അരുണാചൽ പ്രദേശ്

(C) ഉത്തർ പ്രദേശ് (D) ഹിമാചൽ പ്രദേശ്

51. ജി.പി.എസ്. എന്നാൽ __________ ആണ്.

(A) ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (B) ഗ്രേറ്റ് പൊസിഷനിംഗ് സ്റ്റൈയിൽ

(C) ഗവൺമെന്റ് പ്രൊവൈഡഡ് സിസ്റ്റം (D) ഗ്രേറ്റ് പൊസിഷൻ സിസ്റ്റം

GPS means ________.

(A) Global Positioning System (B) Great Positioning Style

(C) Government Provided System (D) Great Position System

52. രണ്ട് ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ പരസ്പരം പണം കൈമാറ്റം ചെയ്യുന്നതിലേക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ ഒരു മൊബൈൽ പ്ലാറ്റ്ഫോമിലുള്ള സംവിധാനമാണ് ________.

(A) പേപാൽ  (B) വിസ
(C) യൂണിഫൈഡ് പേമെന്റ് ഇന്റർഫേസ്  (D) മാസ്റ്റർകാർഡ്

The interface which is regulated by Reserve Bank of India and used for instantly transferring funds between two bank accounts on a mobile platform is ________.

(A) PayPal  (B) Visa
(C) Unified Payment Interface  (D) Mastercard

53. 1 ജിഗാബൈറ്റ് = ________ മെഗാബൈറ്റ്.

(A) 1024  (B) 1000  (C) $1024 \times 1024$  (D) $1024 \times 1000$

1 Gigabyte = ________ Megabytes.

(A) 1024  (B) 1000  (C) $1024 \times 1024$  (D) $1024 \times 1000$

54. ധാരാളം ഇന്റർനെറ്റ് ഉപയോക്താക്കളിലേക്ക് ഒരേ സന്ദേശം തന്നെ വിവേചനരഹിതമായി അയയ്ക്കുന്നതിനെ ________ എന്നു വിളിക്കുന്നു.

(A) വൈറസ്  (B) വേം  (C) ത്രെറ്റ്  (D) സ്പാം

Sending the same message indiscriminately to a large number of Internet users is called ________.

(A) Virus  (B) Worm  (C) Threat  (D) Spam

55. സോഷ്യൽ നെറ്റ്വർക്കിംഗിനായി ഉപയോഗിക്കാനാവാത്ത മൊബൈൽ ആപ്പ് തിരഞ്ഞെടുക്കുക.

(A) വാട്സ്ആപ്പ്  (B) ഫേസ്ബുക്ക്
(C) ട്വിറ്റർ  (D) IRCTC റെയിൽ കണക്ട്

Select the mobile app which is not used for Social Networking.

(A) Whatsapp  (B) Facebook
(C) Twitter  (D) IRCTC Rail Connect

56. ________ നെ ആദ്യത്തെ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി പരിഗണിക്കുന്നു.

(A) ചാൾസ് ബാബേജ്  (B) ജോൺ ന്യൂമാൻ
(C) അഡാ ലൗലേസ്  (D) ലൂയി പാസ്കൽ

________ is considered as first computer programmer.

(A) Charles Babbage  (B) John Newman
(C) Ada Lovelace  (D) Louis Pascal

SEAL

57. ചുവടെ തന്നിരിക്കുന്നതിൽ നിന്നും സ്വതന്ത്ര സോഫ്റ്റ്‌വെയർ തിരഞ്ഞെടുക്കുക.

(A) വിൻഡോസ് 7
(B) എം.എസ്.-വേർഡ്
(C) എം.എസ്.-പവർപോയിന്റ്
(D) ലിനക്സ്

Pick the Free Software from the following.

(A) Windows 7
(B) MS-WORD
(C) MS-PowerPoint
(D) Linux

58. ഒ.എം.ആർ. എന്നാൽ _________ ആണ്.

(A) ഓപ്ഷണൽ മാർക്ക് റീഡർ
(B) ഒറിജിനൽ മാർക്ക് റീഡർ
(C) ഒപ്റ്റിക്കൽ മാർക്ക് റീഡർ
(D) ഒറിജിനൽ മാർക്ക് റെക്കഗ്നൈസർ

OMR means _________.

(A) Optional Mark Reader
(B) Original Mark Reader
(C) Optical Mark Reader
(D) Original Mark Recogniser

59. ഇനി പറയുന്നവയിൽ നിന്നും ശബ്ദം ശേഖരിച്ചു വയ്ക്കാനുള്ള മാതൃക തിരഞ്ഞെടുക്കുക.

(A) docx (B) mp3 (C) dll (D) jpg

Pick the audio storage code from the following.

(A) docx (B) mp3 (C) dll (D) jpg

60. ഒരു സേർച്ച് എൻജിന് ഉദാഹരണമാണ് _________.

(A) ഗൂഗിൾ (B) ഫേസ്ബുക്ക് (C) വാട്സ്ആപ്പ് (D) ടിക്ടോക്

_________ is an example of search engine.

(A) Google (B) Facebook (C) Whatsapp (D) TikTok

61. 'തന്ത്രസമുച്ചയം' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

(A) മല്ലിശ്ശേരി നാരായണൻ നമ്പൂതിരിപ്പാട്
(B) പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്
(C) കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്
(D) ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാട്

62. കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിനു നേതൃത്വം നല്കിയ കവി :

(A) മേല്പത്തൂർ നാരായണ ഭട്ടതിരി
(B) തുഞ്ചത്തെഴുത്തച്ഛൻ
(C) ചെറുശ്ശേരി നമ്പൂതിരി
(D) രാമപുരത്തു വാര്യർ

63. അദ്വൈതവേദാന്തത്തെ ഒരു സിദ്ധാന്തമായി സ്ഥാപിച്ചെടുത്തതാര് ?

(A) കുമാരിലഭട്ടൻ (B) ശ്രീ ശങ്കരാചാര്യർ

(C) തുളസീദാസ് (D) ശ്രീ മാധ്വാചാര്യർ

64. താഴെ പറയുന്നവയിൽ പിതൃതർപ്പണത്തിനു പേരുകേട്ട ക്ഷേത്രം ഏതാണ് ?

(A) തിരുനാവായ നാവാ മുകുന്ദ ക്ഷേത്രം (B) കടലായി ശ്രീകൃഷ്ണ ക്ഷേത്രം

(C) ആറന്മുള പാർത്ഥസാരഥി ക്ഷേത്രം (D) തിരുവുള്ളക്കാവ് ധർമ്മശാസ്താ ക്ഷേത്രം

65. അരുവിപ്പുറം ശിവപ്രതിഷ്ഠ നടന്ന വർഷം ഏത് ?

(A) 1898 (B) 1885 (C) 1882 (D) 1888

66. 'തൃപ്പടിദാനം' നടത്തിയ മഹാരാജാവ് ആരാണ് ?

(A) ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ

(B) കാർത്തികതിരുനാൾ രാമവർമ്മ

(C) അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ

(D) ചിത്തിരതിരുനാൾ മാർത്താണ്ഡവർമ്മ

67. കൊച്ചിൻ ദേവസ്വം ബോർഡ് രൂപീകൃതമായതെന്ന് ?

(A) 1950 നവംബർ 1 (B) 1952 ജൂലൈ 1

(C) 1949 ജൂലൈ 1 (D) 1956 നവംബർ 1

68. ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ രംഗകലാരൂപം ഏത് ?

(A) കഥകളി (B) കൃഷ്ണനാട്ടം (C) കൂടിയാട്ടം (D) ചാക്യാർക്കൂത്ത്

69. മണ്ണാറശ്ശാല നാഗരാജക്ഷേത്രം ഏതു ജില്ലയിൽ സ്ഥിതിചെയ്യുന്നു ?

(A) ആലപ്പുഴ (B) പത്തനംതിട്ട (C) കൊല്ലം (D) കോട്ടയം

70. താഴെ പറയുന്നവയിൽ തൃപ്രയാർ ക്ഷേത്രവുമായി ബന്ധപ്പെട്ട വഴിപാട് ഏത് ?

(A) മീനൂട്ട് (B) കുത്തിയോട്ടം

(C) ഗരുഡൻ തൂക്കം (D) ഉരുളി കമഴ്ത്തൽ

SEAL

**Fill in the blanks choosing the most appropriate options given below.**

71. She has invited me ________ the party.
(A) for (B) towards (C) into (D) to

72. All of them tried hard to ________ the fire.
(A) put out (B) put off (C) put away (D) put up

73. His coach told him that he ________ a mistake.
(A) made (B) has been making
(C) has made (D) had made

74. Tom, along with his parents, ________ to Chennai next week.
(A) are going (B) is going (C) go (D) has been going

75. The boys have been playing ________ 10 A.M.
(A) since (B) for (C) till (D) at

76. No one will believe his story. It is not ________.
(A) credulous (B) incredible (C) credible (D) creditable

77. He went to work ________ he was not well.
(A) despite (B) although (C) nevertheless (D) inspite of

78. Vinod ________ to church every Sunday.
(A) is going (B) go (C) goes (D) has been going

79. He kept aside some money for ________ expenses.
(A) miscelleneous (B) miscellenious (C) miscellanious (D) miscellaneous

80. Her knife is sharp, but mine is ________.
(A) blunt (B) soft (C) smooth (D) blank

81. a : b = 3 : 4 ഉം b : c = 5 : 6 ഉം ആയാൽ a : c എത്ര ?
(A) 5 : 8 (B) 8 : 5 (C) 4 : 3 (D) 6 : 5

82. ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?
10, 14, 22, 26, 34, 38, ______.
(A) 64 (B) 46 (C) 50 (D) 76

83. ഒരു കാർ മിതമായ വേഗതയിൽ 840 km സഞ്ചരിക്കുന്നു. കാറിന്റെ വേഗത 10 km/hr കൂട്ടിയാൽ ലക്ഷ്യസ്ഥാനത്ത് 2 മണിക്കൂർ മുമ്പായി എത്തും. എങ്കിൽ കാറിന്റെ യഥാർത്ഥ വേഗത എന്ത് ?

(A) 600 km/hr (B) 60 km/hr (C) 50 km/hr (D) 500 km/hr

84. L→ +, M→ −, N→ ×, P→ ÷ എന്നീ ചിഹ്നങ്ങൾ സ്വീകരിച്ചാൽ 16N20L42P2M6 = ___________.

(A) 335 (B) 345 (C) 533 (D) 610

85. തുടർച്ചയായ 5 എണ്ണൽ സംഖ്യകളുടെ ശരാശരി 27 ആയാൽ അതിലെ ഏറ്റവും ചെറിയ സംഖ്യ ഏത് ?

(A) 27 (B) 22 (C) 25 (D) 20

86. ഒരു വൃത്തത്തിന്റെ വ്യാസം 20 cm ആയാൽ അതിന്റെ പരപ്പളവ് എത്ര ?

(A) $100\pi$ cm$^2$ (B) $400\pi$ cm$^2$ (C) 100 cm$^2$ (D) 400 cm$^2$

87. താഴെ കൊടുത്ത ശ്രേണിയിലെ അടുത്ത പദം ഏത് ?

$\frac{1}{3}, \frac{1}{9}, \frac{1}{27}, \frac{1}{81}$, _____

(A) $\frac{1}{162}$ (B) $\frac{1}{2781}$ (C) $\frac{1}{243}$ (D) $\frac{1}{7294}$

88. ഒരാൾ 4,000 രൂപ ഒരു ബാങ്കിൽ $6\frac{1}{2}$% വാർഷിക പലിശനിരക്കിൽ $2\frac{1}{2}$ വർഷത്തേക്ക് നിക്ഷേപിക്കുന്നു. സാധാരണ പലിശനിരക്കിൽ അയാൾക്ക് എത്ര രൂപ പലിശ ലഭിക്കും ?

(A) 550 (B) 650 (C) 400 (D) 500

89. 0.555........ ന്റെ ഭിന്നസംഖ്യാ രൂപം :

(A) $\frac{4}{5}$ (B) $\frac{5}{10}$ (C) $\frac{5}{1000}$ (D) $\frac{5}{9}$

90. ഒരു കുട്ടി 275 രൂപയ്ക്ക് ഒരു ബാൾ വാങ്ങി 286 രൂപയ്ക്ക് വിറ്റാൽ ലാഭശതമാനം എത്ര ?

(A) 6% (B) 4% (C) 5% (D) 7%

91. പ്രകാശവർഷം എന്നത് എന്താണ് ?

(A) വേഗത (B) പ്രവേഗം (C) പിണ്ഡം (D) ദൂരം

92. 'ബ്രാസ് ' എന്ന ലോഹസങ്കരത്തിലെ ഘടക ലോഹങ്ങളാണ് :

(A) കോപ്പറും ടിനും (B) കോപ്പറും സിങ്കും

(C) ടിനും സിങ്കും (D) കോപ്പറും സിൽവറും

SEAL

93. ആന്തര സമസ്ഥിതിപാലനത്തിന് സഹായിക്കുന്ന മസ്തിഷ്ക ഭാഗം :
(A) സെറിബെല്ലം
(B) മെഡുല്ല ഒബ്ലോംഗേറ്റ
(C) സെറിബ്രം
(D) ഹൈപ്പോതലാമസ്

94. കണ്ണിനുള്ളിലെ മർദ്ദം കൂടുന്നതുമൂലമുണ്ടാകുന്ന രോഗം :
(A) ഗ്ലോക്കോമ
(B) തിമിരം
(C) നിശാന്ധത
(D) സീറോഫ്താൽമിയ

95. റബ്ബർ മരങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു :
(A) ആക്സിൻ (B) എഥിഫോൺ (C) ഗിബർലിൻ (D) സൈറ്റോകിനിൻ

96. സോഡിയം ക്ലോറൈഡ് എന്ന ലവണത്തിന്റെ രാസസ്വഭാവം എന്താണ് ?
(A) ആസിഡിക്
(B) ബേസിക്
(C) ന്യൂട്രൽ
(D) ഇവയൊന്നുമല്ല

97. ഡൈനമോ പ്രവർത്തിക്കുമ്പോൾ നടക്കുന്ന ഊർജ്ജമാറ്റം ഏതാണ് ?
(A) യാന്ത്രികോർജ്ജം രാസോർജ്ജമാകുന്നു
(B) വൈദ്യുതോർജ്ജം രാസോർജ്ജം ആകുന്നു
(C) യാന്ത്രികോർജ്ജം താപോർജ്ജം ആകുന്നു
(D) യാന്ത്രിർകോർജ്ജം വൈദ്യുതോർജ്ജമാകുന്നു

98. കുട്ടികളിൽ തൈറോക്സിന്റെ അളവ് കുറയുന്നതുമൂലമുണ്ടാകുന്ന അവസ്ഥ :
(A) മിക്സഡിമ (B) ഡയബറ്റിസ് (C) ഗോയിറ്റർ (D) ക്രെറ്റിനിസം

99. മസ്തിഷ്കത്തിലെ വൈദ്യുത തരംഗങ്ങൾ രേഖപ്പെടുത്താനുപയോഗിക്കുന്ന ഉപകരണം :
(A) MRI സ്കാനർ
(B) ECG
(C) EEG
(D) അൾട്രാസൗണ്ട് സ്കാനർ

100. അറ്റോമിക സംഖ്യ 118 ആയുള്ള മൂലകത്തിന്റെ പേര് :
(A) ഓർഗനസോൺ
(B) യുറേനിയം
(C) നെപ്റ്റ്യൂണിയം
(D) പ്ലൂട്ടോണിയം

- o O o -